"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളുടെ ഐ..എസ്.പി.എസ്. Statement of Compliance നൽകുന്നതിനുള്ള ഫീസ്- ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.172/2024/F&P തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28/02/2024 തീയതിയിലെ ഇ2/823/19 നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളുടെ ഐ.എസ്.പി.എസ്. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് Statement of Compliance ലഭ്യമാക്കുന്നതിനുള്ള ഫീസായി 8000/- രൂപ Bharatkhosh പോർട്ടൽ മുഖേന ഒടുക്കുന്നതിന് കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും ബാങ്കിങ്ങ് ചാർജ്ജ് ഉൾപ്പടെ 8008/- രൂപ അടയ്ക്കുകയുണ്ടായി. ടി തുക കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ റീകുപ്പ് ചെയ്യുന്നതിനായി ടി തുകയിൽ നിന്നും 4004/- രൂപ 5051-02-200-81- തങ്കശ്ശേരി തുറമുഖ വികസനം എന്ന ശീർഷകത്തിലും, 4004/-. രൂപ 5051-02-200-82-വിഴിഞ്ഞം കാർഗോ ഹാർബർ എന്ന ശീർഷകത്തിലും കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് നൽകണമെന്ന് കേരള മാരിടൈംബോർഡ് സി.ഇ.ഒ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളുടെ ഐ.എസ്.പി.എസ് സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് Statement of Compliance നൽകുന്നതിനുള്ള ഫീസ് ഇനത്തിൽ കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും ചെലവഴിച്ച 8008/- രൂപ കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ റീകുപ്പ് ചെയ്യുന്നതിനായി ടി തുകയിൽ 4004/- രൂപ "5051-02-200-81- തങ്കശ്ശേരി തുറമുഖ വികസനം" ശീർഷകത്തിൽ നിന്നും 4004/- രൂപ "5051-02-200-82- വിഴിഞ്ഞം കാർഗോ ഹാർബർ" ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

അഡിഷണൽ സെക്രട്ടറി

സ.ഉ.(സാധാ) നം.172/2024/F&P

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈംബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള തിരുവനന്തപുരം

✓ ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
Date: 19-03-2024 12:14:00
സെക്ഷൻ ഓഫീസർ